കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല ചിറക്കടവ് ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

==========

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1917/2017/തസ്വഭവ — തീയതി, തിരുവനന്തപുരം, 09.06.2017

==========

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.11.2014-ലെ ഇ 5(എസ് സി41/14/ഇആർകെ)23273/14 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 22.12.2014-ലെ 14890/ഡി3/2014/വിജി. നമ്പർ കത്ത്

3. സർക്കാരിന്റെ 10.03.2015-ലെ 1167/ഇപിബി2/2015/തസ്വഭവ നമ്പർ കുറ്റപത്രം

4. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5. പഞ്ചായത്ത് ഡയറക്ടറുടെ 10.02.2016-ലെ ഡി5-9930/2015 നമ്പർ കത്ത്

ഉത്തരവ്

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക പിരിക്കുന്നതിൽ വീഴ്ച വരുത്തി എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1), (2) എന്നിവ പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയതിനുത്തരവാദികളായ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ. സി.ആർ. പ്രസാദ്, ശ്രീമതി. പി.കെ. ഉഷാ ദേവി, ശ്രീ. കെ.വി. പത്മകുമാർ, ശ്രീ. റ്റി.കെ. തങ്കച്ചൻ, ശ്രീ. ബി.ആർ. സുബാഷ്, ശ്രീ. ഷാഹുൽ ഹമീദ്, മുൻ സെക്ഷൻ ക്ലാർക്കുമാരായ ശ്രീ. ഷാജി, ശ്രീ. വർഗ്ഗീസ്, ശ്രീമതി. സീന, ശ്രീ. അനിൽജിത്ത്, ശ്രീ. മൊഹസീൻ, ശ്രീമതി. ഷോളി ഫിലിപ്പ്, ശ്രീമതി. ഗീത കെ.ജി. എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു.

കുറ്റപത്രത്തിന് ടിയാളുകൾ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചു. ആയതിന്മേൽ പഞ്ചായത്ത് ഡയറക്ടർ സൂചന (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ 11.08.2011 മുതൽ 31.03.2012 വരെയുള്ള കാലയളവിൽ വാടക കുടിശ്ശിക പിരിച്ചില്ല എന്ന മുൻ സെക്രട്ടറി ശ്രീ. കെ.വി. പത്മകുമാറിനെതിരായ കുറ്റം സംബന്ധിച്ച്, ടിയാന് വാടക ഈടാക്കാൻ ഉള്ളതായി മുൻ സെക്രട്ടറിമാരിൽ നിന്നോ ബന്ധപ്പെട്ട സെക്ഷനിൽ നിന്നോ വിവരം ലഭിച്ചിരുന്നില്ലായെന്നും ടി കേസിൽ പരാമർശ വർഷത്തിന്റെ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ടിയാൾ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി അല്ലാതിരുന്നതിനാൽ ഈ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുമായിരുന്നില്ല എന്ന ടിയാന്റെ വാദം അംഗീകരിക്കാൻ കഴിയില്ലെന്നും, ടിയാൻ നൽകിയിട്ടുള്ള ഓഫീസ് ഉത്തരവിൽ വാടക പിരിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ വർക്കുകൾ ചെയ്യുന്നതിനും അപാകതകൾ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആയതിൽ മേൽനോട്ടം നടത്തേണ്ടിയിരുന്നത് സെക്രട്ടറി എന്ന നിലയിൽ ടിയാന്റെ ഉത്തരവാദിത്വമാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കടമുറികളുടെ വാടക ഈടാക്കിയതിലും മറ്റും ഉള്ള പ്രശ്നങ്ങൾ സെക്രട്ടറി എന്ന നിലയിൽ ഭരണസമിതി യോഗത്തിൽ അജണ്ടയായി ചേർത്ത് അവതരിപ്പിക്കുകയും വിഷയം പരിശോധിച്ച ഭരണസമിതി കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ആയതുപ്രകാരം കുടിശ്ശിക വരുത്തിയവർക്കും, യഥാസമയം കരാർ പുതുക്കി നൽകാത്തവർക്കും മറ്റും നോട്ടീസ് നൽകി തുക പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിരുന്നെന്നും മുൻ സെക്രട്ടറി ശ്രീ. ടി.കെ. തങ്കച്ചൻ സമർപ്പിച്ച മറുപടിയിൽ ബോധിപ്പിച്ചിരുന്നു. ആയത് പരിശോധിച്ചതിൽ നിന്നും മേൽ വിവരം വസ്തുതാപരമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും. ടിയാൻ നടത്തിയ ശ്രമഫലമായി 3,63,866/- രൂപ വാടക കുടിശ്ശികയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെന്നും ആയതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ടിയാന്റെ പ്രവൃത്തികൾ ഫലം കണ്ടിട്ടുണ്ടെന്നും കൂടാതെ ടിയാൻ 31.05.2015-ന് സർവ്വീസിൽ നിന്നും വിരമിച്ചു എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

12.07.2013 മുതൽ 26.10.2013 വരെയുള്ള കാലയളവിൽ വാടക കുടിശ്ശിക പിരിച്ചില്ല എന്ന മുൻ സെക്രട്ടറി ശ്രീ. ബി.ആർ. സുബാഷിനെതിരായ കുറ്റാരോപണം സംബന്ധിച്ച്, 11.07.2013 മുതൽ 26.10.2013 വരെയുള്ള കാലയളവിലാണ് ടിയാൻ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി തസ്തികയിൽ ജോലി ചെയ്തിരുന്നതെന്നും ഈ കാലയളവിനുള്ളിൽ വാടക കുടിശ്ശിക മുഴുവനായും പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കുക എന്നത് ശ്രമകരമായ ജോലിയാണെന്ന ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

19.12.2013 മുതൽ 13.02.2014 വരെയുള്ള കാലയളവിൽ വാടക പിരിക്കുന്നതിൽ വീഴ്ച വരുത്തി എന്ന മുൻ സെക്രട്ടറി ശ്രീ. ഷാഹുൽ ഹമീദിനെതിരായ കുറ്റാരോപണം സംബന്ധിച്ച്, ടിയാൻ വാഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയി സേവനമനുഷ്ഠിച്ചു വരവെയാണ് ചിറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല നൽകിയിട്ടുള്ളതെന്നും, ടിയാന് സാമൂഹ്യ ക്ഷേമ പെൻഷനുകൾ സംബന്ധിച്ച പ്രവർത്തികൾ സമയബന്ധിതമായി തീർക്കാനുണ്ടായിരുന്നു എന്നും ഈ കാലയളവിൽ സാധാരണയായി വാടക കുടിശ്ശിക സംബന്ധിച്ച നടപടികൾ ഉണ്ടാകാനുള്ള സാധ്യത വിരളമാണെന്നുമുള്ള ടിയാന്റെ വാദം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ ബോധിപ്പിച്ചിട്ടുണ്ട്.

കുടിശ്ശികയായി തിട്ടപ്പെടുത്തിയതിന്റെ ഭൂരിഭാഗവും സെക്ഷൻ ക്ലാർക്ക് ശ്രീ. ഷാജിയുടെ ശ്രമഫലമായി പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും ആയതിനാൽ ടിയാനെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2009-10, 2010-11 കാലയളവിലാണ് സെക്ഷൻ ക്ലാർക്ക് ശ്രീ. മൊഹസിൻ വാടക സംബന്ധമായ സെക്ഷൻ കൈകാര്യം ചെയ്തിരുന്നതെന്നും ആയതിൽ 2010-11 കാലയളവിലെ കുടിശ്ശിക തുക രേഖകൾ പ്രകാരം 31.03.2014, 12.06.2015 തീയതികളിലായാണ് പിരിച്ചിട്ടുള്ളതെന്നും പ്രസ്തുത സാമ്പത്തിക വർഷത്തിൽ ടി തുക പിരിച്ചെടുക്കാൻ സാധിക്കാത്തത് ടിയാന്റെ വീഴ്ചയായി കാണാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

കൈമാറി കിട്ടിയ രജിസ്റ്റർ അപാകത നിറഞ്ഞതായിരുന്നു എന്ന സെക്ഷൻ ക്ലാർക്ക് ശ്രീമതി. കെ.എൻ. ഗീതയുടെ വാദം അംഗീകരിക്കാവുന്നതല്ലെന്നും രജിസ്റ്റർ കൈമാറി ലഭിക്കുന്ന സമയത്ത് അതിലെ അപാകതകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കേണ്ടിയിരുന്നുവെന്നും മാത്രമല്ല രജിസ്റ്ററിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി എടുക്കേണ്ടിയിരുന്നതും സെക്ഷൻ ക്ലാർക്ക് എന്ന നിലയിൽ ടിയാളുടെ ഉത്തരവാദിത്വമായിരുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

തന്റെ സേവന കാലയളവിൽ വാടക കുടിശ്ശിക വരുത്തിയവർക്ക് നോട്ടീസ് അയയ്ക്കുകയും മറ്റ് നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന സെക്ഷൻ ക്ലാർക്ക് ശ്രീമതി. സീന പി.ആർ. സമർപ്പിച്ച വാദം സംബന്ധിച്ച് ആയത് സാധൂകരിക്കുന്ന തക്ക തെളിവുകളൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

28.04.2010 മുതൽ 31.03.2011 വരെയുള്ള കാലയളവിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക പിരിക്കുന്നതിൽ വീഴ്ച വരുത്തി എന്നതാണ് സെക്രട്ടറി ശ്രീ. സി.ആർ. പ്രസാദിനെതിരായ കുറ്റപത്രം. വാടക പിരിക്കുന്നതിനായി ഓഫീസ് ഉത്തരവു പ്രകാരം 'ജി' സെക്ഷൻ ചുമതലയുള്ള ക്ലാർക്കിനെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും ആയത് സെക്ഷൻ ക്ലാർക്ക് ശരിയായി നിർവ്വഹിക്കുന്നുണ്ടോ എന്ന് മേൽനോട്ടം നിർവ്വഹിക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണെന്നും ആയതിൽ സെക്രട്ടറിക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ ശ്രമഫലമായി കുടിശ്ശികയായി ചൂണ്ടിക്കാണിച്ചിട്ടുള്ള 3,98,308/- രൂപയിൽ 3,63,866/- രൂപയും പിരിച്ചെടുത്തിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു മുൻ സെക്രട്ടറിമാരായ ശ്രീ. കെ.വി. പത്മകുമാർ. ശ്രീ. ആർ. പ്രസാദ് എന്നിവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ 6 മാസത്തേയ്ക്കും ടി സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സെക്ഷൻ ക്ലാർക്കുമാരായ ശ്രീമതി. ഗീത കെ.എൻ., ശ്രീ മൊഹ്സിൻ, ശ്രീമതി സീന പി.ആർ. എന്നിവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്കും തടഞ്ഞുകൊണ്ടും മുൻ സെക്രട്ടറിമാരായിരുന്ന ശ്രീ. ഷാഹുൽ ഹമീദ്, ശ്രീ ബി.ആർ. സുഭാഷ്, സെക്ഷൻ ക്ലാർക്ക് ശ്രീ. ഷാജി എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി താക്കീത് നല്കിയും സേവനത്തിൽനിന്ന് വിരമിച്ച ശ്രീമതി. ഉഷാദേവി, ശ്രീ. വർഗ്ഗീസ്, ശ്രീ. ടി.കെ. തങ്കച്ചൻ എന്നിവരെ ശിക്ഷണ നടപടികളിൽനിന്ന് ഒഴിവാക്കിയും അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ്. മോഹൻദാസ്

ജോയിന്റ് സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ചിറക്കടവ് ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (19.05.2017-ലെ 1410108/ഡി4/2017/വിജി. നമ്പർ റിമാർക്സ് പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.1167/ഇപിബി2/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ